**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5115** **11-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുവദിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ചെലവഴിക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 29.01.2018 ലെ സ.ഉ (കൈ)നം. 11/2018/തസ്വഭവ, 14.02.2018 ലെ സ.ഉ (കൈ) നം. 22/2018/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക - സാമ്പത്തിക വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്ന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. വ്യക്തികൾക്കും, കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികവർഗ്ഗക്കാരുടെ പൊതു സൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകളും ഇത് പ്രകാരം ഏറ്റെടുക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് പദ്ധതി രൂപീകരണ, സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇവ കൂടാതെ ഉത്പാദന - സേവന മേഖലകളിലും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വ്യക്തിഗത - ഗ്രൂപ്പ് ഗുണഭോക്തൃ പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ വിശദാംശം അറിയിക്കാമോ? | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഉറപ്പുവരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ 23.06.2021 തീയതിയിലെ സ.ഉ.(സാധാ) നം.1197/2021/ |

| | | | |
|---|---|---|---|
| | | | തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം തദ്ദേശ ഭരണ സ്ഥാപന വിദ്യാഭ്യാസ സമിതി പ്രവർത്തനം മെച്ചപ്പെടുത്തുന്നത് വഴി ഓരോ സ്കൂളിലെയും കുട്ടികളുടെ പ്രശ്‌നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കാൻ സാധിക്കുകയും, പഠനോപകരണങ്ങളുടെയും ഡിജിറ്റൽ സൗകര്യങ്ങളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനും, പൊതുപഠന കേന്ദ്രങ്ങൾ ഒരുക്കുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യമൊരുക്കാൻ പ്രത്യേക പിന്തുണ നൽകുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പോഷണനിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ മാനസിക ഉല്ലാസം ആരോഗ്യകരമാക്കുന്നതിനും സാധിക്കുന്നതാണ്. 23.06.2021 ലെ സ.ഉ.(സാധാ) നം.1197/2021/ തസ്വഭവ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 14.02.2018 ലെ സ.ഉ (കൈ) നം. 22/2018/തസ്വഭവ, ഖണ്ഡിക 7.2.

### 7.2.പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾ:-

7.2.1 പട്ടികജാതി/പട്ടിക വർഗ്ഗ പെൺകുട്ടികളുടെ വിവാഹത്തിന് ധന സഹായം നൽകുന്ന പരിപാടികൾ ഗ്രാമപഞ്ചായത്തുകൾക്കും/നഗരഭരണ സ്ഥാപന ങ്ങൾക്കും ഏറ്റെടുക്കാവുന്ന താണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വരുമാന പരിധി (3 ലക്ഷം) രൂപയ്ക്കു വിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 75000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ ഈ ധനസഹായത്തിന് അപേക്ഷിച്ചവർ തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകാൻ പാടില്ല. തദ്ദേശഭരണസ്ഥാപനത്തിൽ അപേക്ഷിച്ചവർ ബന്ധപ്പെട്ട വകുപ്പിലും അപേക്ഷ നൽകാവുന്നതല്ല. ഒരു പെൺകുട്ടിക്ക് ഒരിക്കൽ മാത്രമേ ധനസഹായം നൽകാവൂ.

7.2.2 മിശ്രവിവാഹിതർക്ക് (Intercaste, Marriage, Inter Religion marriage) വരുമാനപിരിധി (പൊതുവിഭാഗം 2 ലക്ഷം/പട്ടികജാതി 3 ലക്ഷം) രൂപയ്ക്കുവിധേയമായി 75,000/- രൂപ നിരക്കിൽ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം.

7.2.3 ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ പട്ടികജാതി/പട്ടികവർഗ്ഗ വിധവ കളുടെ പെൺമക്കളുടെ വിവാഹത്തിന് 75,000/- രൂപ നിരക്കിൽ ധനസഹായം ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം.

7.2.4 പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 1,00,000/- രൂപ ധനസഹായം നൽകാവുന്നതാണ്. നിർധനരായ കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിനു ശേഷം ഗ്രാമസഭയിൽ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്. ഗുണഭോക്താവിന്റെ കുടുംബത്തിന് ലഭിച്ചിട്ടുള്ള മറ്റ് ആനുകൂല്യങ്ങൾ ഈ ആനുകൂല്യം സ്വീകരിക്കുന്നതിന് തടസ്സമല്ല.

7.2.5 സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും.യോഗ്യതനേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും, സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും ചുവടെ പറയുന്ന ക്രമത്തിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്.1)മെഡിക്കൽ കോഴ്സിന്

30,000/-രൂപ 2)എഞ്ചിനീയറിംഗ് കോഴ്സിന് 25,000/-രൂപ 3)ബിരുദം 20,000/-രൂപ, 4)ബിരുദാനന്തര ബിരുദം 30,000/- രൂപ 5) ഗവേഷണ വിദ്യാർത്ഥികൾ 30,000/- രൂപ, 6) പോളിടെക്നിക്ക് 20,000/രൂപയും 7)മറ്റെല്ലാ സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കും 15,000/-രൂപ വീതവും 8)സംസ്ഥാനത്തിന് പുറത്തുള്ള അംഗീകൃത സർവകലാശാലകളുടെ റഗുലർ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 50,000/-രൂപ വീതവും 9)പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിന് 5000/-രൂപ എന്നിങ്ങനെ നൽകാവുന്നതാണ്. ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി സാധൂകരിക്കണം നിർധനരായ കുടുംബങ്ങൾക്ക് മുൻഗണന നൽകണം. വിദ്യാർത്ഥി കളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം.

7.2.6 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ദേശീയ-അന്തർദേശീയ സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാൽ, അങ്ങനെയുള്ളവർക്ക് അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി അംഗീകരിച്ചിരിക്കണം. കോഴ്സിന് പോകുന്ന രാജ്യം/സ്ഥലം എന്നിവ പരിഗണിച്ച് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതായിരിക്കും ധനസഹായതുക.

7.2.7 പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകുന്നതിന് 5000/-രൂപ വരെ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായി രിക്കണം നൽകേണ്ടത്. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. നിർധനരായ കുടുംബങ്ങളിലെ കുട്ടികൾക്കാണ് മുൻഗണന നൽകേണ്ടത്. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

7.2.8 ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം)ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപനമേധാവി യുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ് ഗ്രാമ പഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകാവുന്നതാണ്. ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ/ വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ചിരിക്കണം. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകാം. സ്ഥാപനമേധാവിയിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണം.

7.2.9 **പാരലൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.**

7.2.10 എസ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല.

7.2.11 പട്ടികവർഗ്ഗ വിഭാഗം ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന 5000 രൂപ വരെയുള്ള ആനുകൂല്യങ്ങൾക്കും നിലവിൽ 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വച്ചാണ് നൽകുന്നത് അത് ഒഴിവാക്കിയിട്ടുണ്ട്. (05.08.2017-ലെ സ.ഉ.(സാധാ) 2728/2017/തസ്വഭവ)

7.2.12 പട്ടികജാതി/പട്ടികവർഗ്ഗകോളനികളുടെ കുടിവെള്ള പദ്ധതികൾ/കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയുടെ വൈദ്യുതി ചാർജ്ജ് പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

7.2.13 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വേണ്ടി സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും, സൈനിക സ്കൂൾ, നവോദയ, ജി.വി. രാജ

സ്പോർട്സ് സ്കൂൾ, എന്നീ സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകൾക്ക് തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നതിനും പട്ടികജാതി വികസനഫണ്ട് വിനിയോഗിക്കാവുന്നതാണ്.

7.2.14 **<u>ഊരുകൂട്ട വോളണ്ടിയർ:-</u>**

സംസ്ഥാനത്തെ ഊരുകൂട്ടങ്ങളിലേയേക്ക് സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് സഹായകമായി ഊരുകൂട്ട വോളണ്ടറിയറെ നിയോഗിക്കാവുന്നതാണ്. ഇതിനായി ഊരിലെ തന്നെ പത്താംക്ലാസ് വരെയെങ്കിലും പഠിച്ച മൂന്നു പേരുടെ പേരുകൾ ഊരുകൂട്ടം നിർദ്ദേശിക്കണം അതിൽ നിന്നും ഒരാളിനെ ജില്ലാ പഞ്ചായത്ത് അംഗീകരിച്ച് കിലയിൽ പരിശീലനം നൽകി നിയോഗിക്കും. ഇവർക്ക് ഓണറേറിയമായി പ്രതിമാസം 3000 രൂപ നൽകേണ്ടതുമാണ്. ചുമതലകൾ ചുവടെ പറയുന്നവയാണ്.

1) പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ കുട്ടികളുടെ പഠനത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ, അദ്ധ്യയന നിലവാരം ഉയർത്തൽ, തുടർ വിദ്യാഭ്യാസം എന്നീ വിഷയങ്ങളിൽ ആവശ്യമായ സഹായം നൽകുക.
2) സർക്കാർ, തദ്ദേശഭരണ സ്ഥാപന ആനുകൂല്യങ്ങൾ ഊരിലുള്ള ഓരോ ഭവനങ്ങളിലും ലഭിക്കുന്ന തിനാ വശ്യമായ സഹായങ്ങൾ നൽകുക.
3) തദ്ദേശഭരണ സ്ഥാപനം, കുടുംബാരോഗ്യകേന്ദ്രം, കൃഷി ഭവൻ, സഹകരണ സംഘം, പട്ടിക വർഗ്ഗ പ്രമോട്ടർ. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് എന്നീ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ആവശ്യങ്ങൾ അറിയിച്ച് നടപടി സ്വീകരിക്കുക
4) മദ്യം മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരായി അവബോധം ഉണ്ടാക്കുക.
5) ഊരിലെ അംഗങ്ങളെ സമൂഹ്യ സുരക്ഷയും വികസനവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

7.2.15 **പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ:-**

പട്ടികജാതി/പട്ടിക വർഗ യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ് സെറ്റ്, ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. 5% ഗുണഭോക്തൃ വിഹിതമായി അടയ്ക്കണം. നിലവിൽ ലഭിച്ചിട്ടുള്ളവർക്ക് 3 വർഷങ്ങൾക്കു ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളു. ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന പരിചയവും പ്രാവിണ്യവുമുള്ളവരാണെന്ന് കണ്ടെത്തുന്ന 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം

7.2.16 **പട്ടികജാതി/പട്ടികവർഗ്ഗ പ്രതിഭകൾക്ക്-പ്രതിഭാപിന്തുണ**

വിവധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പ്രതിഭാധനരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമൂഹ്യ പിന്തുണയും അംഗീകാരവും ലഭ്യമാക്കുന്നതിനും അവരുടെ പ്രവർത്തന മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ വരും കാലങ്ങളിൽ ഏറ്റെടുക്കുന്നതിനും സാമൂഹ്യവും സാമ്പത്തികവുമായ സഹായവും പിന്തുണയും ലഭ്യമാക്കുന്നതിനും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നടപടി സ്വീകരിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ആവശ്യങ്ങൾ ടി വ്യക്തികളിൽ നിന്നും ഉണ്ടാവുകയാണെങ്കിൽ അവരിൽനിന്നും വിശദാംശങ്ങൾ അടങ്ങിയ ഒരു അപേക്ഷ വാങ്ങി ആവശ്യപ്പെട്ടിരിക്കുന്ന സഹായം ലഭ്യമാക്കുന്നതിന് നൂതന പ്രോജക്ടുകൾക്കുള്ള കമ്മിറ്റിയിൽ അവതരിപ്പിച്ച് സാമ്പത്തിക സഹായത്തിന്റെ തോത്/തുക നിശ്ചയിച്ച് നടപ്പാക്കാവുന്നതാണ്.

7.2.17 **പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനമുറി**

പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോടു ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്. 2 ലക്ഷം രൂപ ആകെ നൽകാവുന്നതും അതിൽ 50,000 രൂപ മുൻകൂറായി നൽകാവുന്നതുമാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകേണ്ടത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ഒരു വീട്ടിലുള്ള എല്ലാ കുട്ടികൾക്കും കൂടിയാണ് പഠനമുറി നൽകുന്നത്. കേരളത്തിലെ പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും അംഗീകരിച്ചിട്ടുള്ള ഏതു കോഴ്സിനു പഠിക്കുന്നവരെയും വിദ്യാർത്ഥിയായി കണക്കാക്കണം.

7.2.18 **പട്ടികജാതി/പട്ടികവർഗ കോളനികളിൽ/ ഊരുകളിൽ സാമൂഹ്യ പഠനകേന്ദ്രം**

പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ഉള്ള കോളനികളിൽ/ഊരുകളിൽ അവരുടെ വീടിനോടൊപ്പം പഠന മുറി നിർമ്മിക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ ഓരോ കോളനികളിലും ഊരുകളിലും സാമൂഹ്യ പഠന കേന്ദ്രം നിർമ്മിച്ച് പഠന സൗകര്യം ഉറപ്പാ ക്കാവുന്നതാണ്. ഇതിന് അതാത് സ്ഥലത്തെ പ്രത്യേകതകൾക്കനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നിർമ്മാണം നടത്താവുന്നതാണ്. പ്രവർത്തനം കാര്യക്ഷമമാക്കാൻ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

7.2.19 **ബാലവാടി കം ഫീഡിംഗ് സെന്റർ**

പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്നും കൈമറിയിട്ടുള്ള ബാലവാടി-കം-ഫീഡിംഗ് സെന്റർ, സീസൺഡേകെയർ സെന്റർ, നഴ്സറി സ്കുളുകൾ മുതലായവയിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ,ഭക്ഷണം,യൂണിഫോം എന്നിവ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിലെ നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

7.2.20 **പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികവിന് പിന്തുണ**

സ്കൂൾ, കോളേജ് തലങ്ങളിൽ നടത്തുന്ന കായിക കലാ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ ചിലരെങ്കിലും തയ്യാറെടുപ്പിനും, യാത്രക്കൂലിക്കും സാമ്പത്തിക പരാധീനത ഉള്ളതുകൊണ്ട് പങ്കെടുക്കാതെ വരുന്ന സ്ഥിതിയുണ്ട്. ആയതിനാൽ ചുവടെ പറയുന്ന തരത്തിൽ ധനസഹായം നൽകി മികവിന് പിന്തുണയും അംഗീകാരവും നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ട് ഏറ്റെടുക്കാം.

| സ്കൂൾതലം | മാനദണ്ഡം | തയ്യാറെടുപ്പ് രൂപ | യാത്രാക്കൂലി രൂപ | ആകെ രൂപ |
|---|---|---|---|---|
| 1)ജില്ലാതലത്തിലേയ്ക്ക് | സ്കൂളിൽ നിന്നുള്ള വിജയം | 300 | 200 | 500 |
| 2)സംസ്ഥാനതലത്തിലേയ്ക്ക് | ജില്ലയിൽ നിന്നുള്ള വിജയം | 600 | 400 | 1000 |
| കോളേജ്തലം | | | | |
| 1)ജില്ലാതലത്തിലേയ്ക്ക് | കോളേജിൽ നിന്നുള്ള വിജയം | 400 | 300 | 700 |
| 2)സംസ്ഥാനതലത്തിലയേക്ക് | യൂണിവേഴ്സിറ്റിയിൽ നിന്നുള്ള വിജയം | 1000 | 500 | 1500 |

ഈ പദ്ധതി സംബന്ധിച്ച് എല്ലാ സ്കൂളിനും നോട്ടീസ് നൽകണം

1) സ്കൂൾ കോളേജ് അധികൃതരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തൽ നിർദ്ദിഷ്ഠ മത്സരത്തിൽ പങ്കെടുക്കാൻ സഹായകരമായ വിധത്തിൽ മുൻകൂട്ടി ധനസഹായം വിതരണം ചെയ്യേണ്ടതാണ്.
2) വിദ്യാർത്ഥി സ്ഥിരമായി താമസിക്കുന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനമാണ് ധനസഹായം നൽകേണ്ടത്
3) ഈ ധനസഹായം കരസ്ഥമാക്കുന്നതിനായി വിദ്യാർത്ഥികളുടെ അപേക്ഷയിൽ രക്ഷകർത്താവും കൂടി പേര് രേഖപ്പെടുത്തി ഒപ്പ് വച്ച് സ്കൂൾ/കോളേജ് അധികൃതരുടെ സാക്ഷ്യപത്രം സഹിതം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ നൽകണം
4) അപേക്ഷ ലഭിച്ച ഉടനെ തന്നെ സെക്രട്ടറി നിജ സ്ഥിതി അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് നടപടി സ്വീകരിക്കണം
5) ഏകദേശ തുക കണക്കാക്കി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുക
6) വിദ്യാഭ്യാസ സ്ഥാപന മേധാവികൾ അംഗീകരിച്ച് തരുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ വ്യക്തിഗത അപേക്ഷ പ്രകാരം തുക വിതരണം ചെയ്യണം.
7) ഗ്രാമ നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം

7.2.21 **ജില്ലാ/യൂണിവേഴ്സിറ്റിതല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റ് ഉപകരണങ്ങൾ നൽകൽ (ബ്ലോക്ക് പഞ്ചായത്ത്- നഗരഭരണ സ്ഥാപനങ്ങൾ)**

ജില്ലാ കലോത്സവങ്ങൾ, ജില്ലാ കായിക മേളകൾ യൂണിവേഴ്സിറ്റിതല മത്സരങ്ങൾ എന്നിവയിൽ വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലയിൽ തുടർന്നും പ്രവർത്തിക്കാനും കഴിവ് വികസിപ്പിക്കാനും സഹായകമാകുന്ന തരത്തിൽ പ്രോത്സാഹനവും പിന്തുണയും നൽകുന്നതിനായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകേണ്ടതാണ്.

| | മാനദണ്ഡം | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|---|
| സ്കൂൾതലം | (ജില്ലാതല വിജയം) | 5,000.00 | 2,500.00 |
| യൂണിവേഴ്സിറ്റിതലം | (സംസ്ഥാനതല വിജയം) | 7,000.00 | 4,000.00 |

1) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും നഗരഭരണ സ്ഥാപന സെക്രട്ടറിയും നിർവഹണ ഉദ്യാഗസ്ഥനായി പ്രോജക്ട് തയ്യാറാക്കണം
2) ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത അപേക്ഷ പ്രകാരം തുക വിതരണം ചെയ്യണം.
3) പാരിതോഷിക വിതരണം സമുചിതമായ ഒരു യോഗത്തിൽ വച്ച് നടത്തേണ്ടതാണ്.

7.2.22 **ദേശീയ അന്തർദേശീയ തലത്തിലെ കലാ-കായിക മത്സര പങ്കാളിത്തത്തിന് ധനസഹായം/പിന്തുണ:- ജില്ലാ പഞ്ചായത്ത് - നഗരഭരണ സ്ഥാപനങ്ങൾക്കും**

ദേശീയ അന്തർദേശീയ തലങ്ങളിലേയ്ക്ക് കലാ കായിക മത്സരങ്ങളിലേയ്ക്ക് പ്രവേശനം ലഭിക്കുന്ന പ്രതിഭകൾക്ക് നിർദ്ദിഷ്ട മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സഹായിക്കുന്നതിനായി ദേശീയ തലത്തിലെ പങ്കാളിത്തത്തിന് 10,000/- രൂപയും അന്തർ ദേശീയ തലത്തിലെ പങ്കാളിത്തത്തിന് 20,000/-രൂപയും മറ്റ് ഔപചാരിക സഹായങ്ങൾക്ക് പുറമെ നൽകാവുന്നതാണ്. നിർദ്ദിഷ്ട വ്യക്തിയുടെ രേഖാമൂലമായ അപേക്ഷയോടൊപ്പം അംഗീകാരം/മികവ്/പ്രവേശനം ലഭിച്ചത് സംബന്ധിച്ച രേഖയുടെ പകർപ്പ് അറ്റസ്റ്റ് ചെയ്ത് നൽകേണ്ടതാണ്. ഈ ആവശ്യത്തിനുവേണ്ടിയുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നഗരഭരണ സ്ഥാപന സെക്രട്ടറിയും നിർവഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കി ധനസഹായം നൽകണം.

**7.2.23 പട്ടികജാതി പട്ടികവർഗ്ഗ എച്ച്.എസ്.എസ് വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ**

ജില്ലാ പഞ്ചായത്തിന്റെയും നഗരഭരണ സ്ഥാപനങ്ങൾക്കും ആഭിമുഖ്യത്തിലുള്ള എല്ലാ ഹയർസെക്കന്ററി ക്ലാസ്സുകളിലേയും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു വിദ്യാഭ്യാസവർഷത്തിൽ നാല് തവണ കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നൽകേണ്ടതാണ്. ഇതിനായി ഒരു സ്കുളിൽ ആകെയുള്ള +1, +2 വിദ്യാർത്ഥികൾക്ക് പ്രത്യേകം പ്രത്യേകം ക്ലാസ്സുകൾ ക്രമീകരിക്കുന്നത് അഭികാമ്യമായിരിക്കും. ഇതിനായി ഈ മേഖലയിൽ പ്രശസ്തമായി നിലനിൽക്കുന്ന സ്ഥാപനങ്ങൾ/ട്രയിനർമാരുടെ പാനൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ഓരോ സ്കൂളുകൾക്കും ട്രയിനർമാരെയും അവർക്കുള്ള ഓണറേറിയവും നൽകേണ്ടതാണ്. സ്കൂളുകളിൽ കുട്ടികൾ എല്ലാവരും കൃത്യമായി ക്ലാസ്സിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഈ ചുമതല സ്വയമേവ ഏൽക്കുന്ന ഒരു അദ്ധ്യാപകൻ/ അദ്ധ്യാപികയെ പ്രധാന അദ്ധ്യാപകൻ രേഖാമൂലം ചുമതല ഏൽപ്പിക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക എസ്.സി.പി/റ്റി.എസ്.പി ഫണ്ടുകളിൽ നിന്നും വകയിരുത്തി നടപ്പാക്കാവുന്നതാണ്.

**7.2.24 പട്ടികജാതി/പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ**

ജില്ലാ പഞ്ചായത്തിന്റെയും നഗരസഭകളുടേയും ആഭിമുഖ്യത്തിലുള്ള എല്ലാ പട്ടികജാതി/ പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും ഒരു വിദ്യാഭ്യാസവർഷത്തിൽ നാല് തവണ, രണ്ട് മണിക്കൂർ വീതം വ്യക്തിത്വ വികാസം, നേതൃത്വപാടവം, മോട്ടിവേഷൻ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകേണ്ടതാണ്. ഇതിനായി 8, 9, 10 ക്ലാസ്സുകളിലായി ഒരു സ്കൂളിൽ ആകെയുള്ള വിദ്യാർത്ഥികൾക്ക് ഒരുമിച്ച് ക്ലാസ്സുകൾ ക്രമീകരിക്കുന്നത് അഭികാമ്യമായിരിക്കും. ഇതിനായി ഈ മേഖലയിൽ ഔപചാരികമായി അംഗീകരിക്കപ്പെട്ട ട്രയിനർമാരുടെ പാനൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ഓരോ സ്കൂളുകൾക്കും ട്രയിനർമാരെയും അവർക്കുള്ള ഓണറേറിയവും നൽകേണ്ടതാണ്. സ്കൂളുകളിൽ കുട്ടികൾ എല്ലാവരും കൃത്യമായി ക്ലാസ്സിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഈ ചുമതല സ്വയമേവ ഏൽക്കുന്ന ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയെ പ്രധാന അദ്ധ്യാപകൻ രേഖാമൂലം ചുമതല ഏൽപ്പിക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക എസ്.സി.പി/റ്റി.എസ്.പി ഫണ്ടുകളിൽ നിന്നും വകയിരുത്തി നടപ്പാക്കാവുന്നതാണ്.

**7.2.25 പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ- യുവാക്കൾക്ക് തൊഴിൽ നേടാനുള്ള പരിശീലനം**

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചവർ മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും തൊഴിൽ തൽപരരുമായ എല്ലാവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതുവരെ പരിശീലനം നൽകുന്നതിനുള്ള പദ്ധതി. ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ നടപ്പാക്കാവുന്നതാണ്.

- ഉദ്യോഗാർത്ഥികളുടെ സ്വന്തം തദ്ദേശഭരണ സ്ഥാപനത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- തദ്ദേശഭരണ സ്ഥാപനം ലിസ്റ്റ് തയ്യാറാക്കി ജില്ലാപഞ്ചായത്തുകൾക്ക് നൽകും.
- ലിസ്റ്റ് പരിശോധിച്ച് ഗുണഭോക്താക്കളെ വിദ്യാഭ്യാസ യോഗ്യതയുടേയും തൊഴിൽ താൽപര്യ മേഖലകളുടേയും അടിസ്ഥാനത്തിൽ ക്രമീകരിച്ച് പ്രാഥമിക ലിസ്റ്റ് തയ്യാറാക്കും
- ജില്ലാ പഞ്ചായത്തുകൾ സംസ്ഥാനതലത്തിൽ താൽപര്യ പത്രം ക്ഷണിച്ച് ഈ മേഖലയിൽ പരിശീലനം നൽകുന്ന സർക്കാർ/സർക്കാരേതിര സ്ഥാപന ങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കി-അവരുമായി ചർച്ച ചെയ്ത് പരിശീലന നിബന്ധനകളും രീതിയും നിശ്ചയിക്കും.
- പരിശീലനാർത്ഥികളെ കൗൺസിലിംഗിനു വിളിച്ച് പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി ഏതു മേഖലയിലെ തൊഴിലിനാണ് താൽപര്യം എന്ന് അന്തിമായി നിശ്ചയിച്ച് എന്റോൾ ചെയ്യും
- പരിശീലന നിബന്ധനകൾ അനുസരിച്ച് പരിശീലനം പൂർത്തീയാക്കുന്നതാണന്നും കരാറിൽ ഒപ്പു വച്ച് ഗുണഭോക്താവിനെ നിശ്ചയിച്ച് നടപടി സ്വീകരിക്കണം
- ജില്ലാ പഞ്ചായത്ത്/നഗരസഭ പരിശീലന സ്ഥാപനങ്ങളുമായി വ്യവസ്ഥ ചെയ്ത് പരിശീലന ഫീസ് നൽകുന്നത് ധാരണയാക്കി നടപ്പിലാക്കാവുന്നതാണ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം - തദ്ദേശ ഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1197/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/06/2021

---

പരാമർശം:- സ.ഉ (സാധാ) നം.1128/2020/തസ്വഭവ, തീയതി 12.06.2021

<u>ഉത്തരവ്</u>

കോവിഡ് രോഗ വ്യാപനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിന് ഓൺലൈൻ പഠനമെന്ന സാങ്കേതിക രീതി കേരളത്തിൽ നടപ്പാക്കി വരികയാണ്. എന്നാൽ ഈ രംഗത്ത് പല പ്രതിസന്ധികളും നേരിടുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ഏറ്റവും വെല്ലുവിളികൾ നേരിടുന്നത് പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളാണ്. ഉപകരണ ലഭ്യത, സാങ്കേതിക തടസ്സങ്ങൾ, പഠന കേന്ദ്രങ്ങൾ, പഠന തുടർ പ്രവർത്തനങ്ങൾ, രക്ഷാകർതൃ പിന്തുണ, പോഷണനിലവാരം, മാനസിക ഉല്ലാസം എന്നീ തലങ്ങളിലാണ് പ്രധാന വെല്ലുവിളികൾ ഉള്ളത് എന്ന് കാണാം. ഈ വിഷയങ്ങളിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് ചുവടെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

**2. തദ്ദേശ ഭരണസ്ഥാപന വിദ്യാഭ്യാസ സമിതി പ്രവർത്തനം മെച്ചപ്പെടുത്തൽ**

2.1 പട്ടികവർഗമേഖലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള വിദ്യാഭ്യാസ സമിതികൾ (PEC/MEC) അടിയന്തിരമായി പുന:സംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഡയറ്റ്, ബിആർസി കൂടാതെ പ്രാദേശികമായി ലഭ്യമായ വിദഗ്ദ്ധർ, പിറ്റിഎ അംഗം, കുടുംബശ്രീ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ, അദ്ധ്യാപകർ, എസ്.റ്റി പ്രൊമോട്ടർമാർ, സാക്ഷരതാ പ്രേരക്-മാർ എന്നിവരെ കൂടി ഉൾപ്പെടുത്തി വിദ്യാഭ്യാസ സമിതി വിപുലീകരിക്കണം. വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ഇതിന് മുൻകൈ എടുക്കേണ്ടതാണ്. ഈ സമിതികൾ വാർഡ്/ഡിവിഷൻ/ക്ലസ്റ്റർതല ഉപസമിതികളും രൂപീകരിച്ച് എഡ്യുക്കേഷൻ സപ്പോർട്ടിംഗ് ടീമായി പ്രവർത്തിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലും, വാർഡ് തലത്തിലും അദ്ധ്യാപകർ, സാമൂഹ്യ പ്രവർത്തകർ, തുടങ്ങിയവരുടെ സഹായത്തോടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശകലനം നടത്തണം. നിലവിൽ വിവിധ വകുപ്പുകൾ നൽകി വരുന്ന സഹായ പ്രവർത്തനങ്ങൾ, ജനകീയാസൂത്രണം വഴി സൃഷ്ടിച്ച പഠന

വീട്ടുകൾ, പഠനകേന്ദ്രങ്ങൾ തുടങ്ങിയവയുടെ പോരായ്മകൾ, ഉടനടി ഉപയോഗപ്പെടുത്താൻ സാധ്യമായ പൊതുസൗകര്യങ്ങൾ തുടങ്ങിയവ ചർച്ച ചെയ്ത് സ്കൂൾതല ആക്ഷൻ പ്ലാൻ തയ്യാറാക്കണം.

2.2 ഓരോ സ്കൂളിലേയും കുട്ടികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വസ്തുനിഷ്ഠമായി തിട്ടപ്പെടുത്തുന്നതിന് കഴിവതും തദ്ദേശ ഭരണസ്ഥാപന മേധാവിയുടെ നേതൃത്വത്തിൽ പിടിഎ ചർച്ചായോഗം ഓൺലൈനായി ചേരണം. യോഗത്തിൽ ഓൺലൈൻ ക്ലാസുകളുടെ അവസ്ഥയും പ്രശ്നങ്ങളും വിലയിരുത്തണം. രക്ഷാകർത്താക്കളുടെ യോഗം അയൽക്കൂട്ടതലത്തിൽ വിളിച്ച് ചേർക്കുകയും നിലവിലെ വിദ്യാഭാസ സമ്പ്രദായത്തിൽ അവർക്കുള്ള പങ്ക് സംബന്ധിച്ച് ചർച്ച ചെയ്യുകയും വേണം. അദ്ധ്യാപകർ, റിസോഴ്സ് പേഴ്സൺസ് തുടങ്ങിയവരുടെ സഹായത്തോടെ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ക്രിയാത്മക പഠനത്തിന് ഉപയോഗിക്കേണ്ടവിധം പറഞ്ഞുകൊടുക്കുന്നതിന് സൗകര്യമേർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**3. പഠനോപകരണ ലഭ്യതയും, ഇൻറർനെറ്റ് സൗകര്യവും (ഡിജിറ്റൽ സൗകര്യങ്ങൾ)**

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഡിജിറ്റൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

3.1 പട്ടികവർഗ വികസനവകുപ്പ്, ഇൻറർനെറ്റ് കണക്ഷൻ ഇല്ലാത്തതോ, കുറഞ്ഞതോ ആയ കോളനികളേയും കുട്ടികളേയും ഇതിനകം തിട്ടപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന് നൽകാൻ കഴിയാത്ത സഹായങ്ങൾ തദ്ദേശ ഭരണസ്ഥാപനത്തിന് നൽകാവുന്നതാണ്.

3.2 കൈറ്റ് (KITE) വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത കമ്പ്യൂട്ടറുകൾ പഠനത്തിനായി കമ്പ്യൂട്ടർ ലഭിക്കാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യാനുസരണം ലാപ്ടോപ്, ടാബ്ലെറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള ക്രമീകരണങ്ങൾ വിദ്യാഭ്യാസ വകുപ്പിലെയും പട്ടികവർഗ്ഗ വികസന വകുപ്പിലെയും ഉദ്യോഗസ്ഥരും തദ്ദേശ ഭരണസ്ഥാപനങ്ങളും ചേർന്ന് ഒരുക്കേണ്ടതാണ്.

3.3 പട്ടികവർഗമേഖലയിലെ ഓരോ വിദ്യാർത്ഥിക്കും ലാപ്ടോപ്, ടാബ് ലെറ്റ് തുടങ്ങിയ ഗാഡ്ജെറ്റുകളും ഹൈസ്പീഡ് ഇൻറർനെറ്റും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഇത് സാധ്യമാകുന്നില്ലെങ്കിൽ പൊതു കേന്ദ്രങ്ങൾ സജ്ജമാക്കാം. ഇൻറർനെറ്റ് ലഭ്യത ഉറപ്പാക്കി വേണം ഗാഡ്ജറ്റുകൾ ലഭ്യമാക്കേണ്ടത്.

3.4 പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ലാപ് ടോപ് , ടാബ് ലെറ്റ് തുടങ്ങിയ ഗാഡ്ജെറ്റുകൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം / തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങി നൽകാവുന്നതാണ്. ഇതിന്റെ സ്പെസിഫിക്കേഷൻ വിദ്യാഭ്യാസ വകുപ്പ് നിശ്ചയിക്കുന്നതാണ്.

3.5 പഠനാവശ്യത്തിന് ഉപയോഗിക്കുന്ന ടി.വി, വൈദ്യുതി കണക്ഷൻ, കേബിൾ കണക്ഷൻ എന്നിവയുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് സന്നദ്ധസേവകർക്ക് രൂപം കൊടുക്കേണ്ടതാണ്.

3.6 അദ്ധ്യാപകർ, റിസോഴ്സ് പേഴ്സൺസ് തുടങ്ങിയവരുടെ സഹായത്തോടെ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ക്രിയാത്മക പഠനത്തിന് ഉപയോഗിക്കേണ്ടവിധം പറഞ്ഞുകൊടുക്കുന്നതിന് സൗകര്യമേർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3.7 ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികവർഗ വിഭാഗം കുട്ടികൾക്ക് ഇൻറർനെറ്റ് സൗകര്യത്തിനുള്ള റീചാർജ്ജ് തുക പ്രതിമാസ പരിധിയോടെ നടപ്പ് അധ്യയനവർഷം പൂർണമായും പട്ടികവർഗ ഉപപദ്ധതി ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്.

3.8 കുട്ടികൾക്കായുള്ള എല്ലാ പൊതു കേന്ദ്രങ്ങളിലും വൈദ്യുതിയും ലാപ്പ് ടോപ്പ്/കമ്പ്യൂട്ടർ സൗകര്യങ്ങളും ഉറപ്പാക്കേണ്ടതാണ്. വൈദ്യുതി കണക്ഷൻ ഇല്ലാത്ത സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി. യുമായി സഹകരിച്ചോ/അനർട്ട് മുഖേനയോ വൈദ്യുതി ലഭ്യത നേടേണ്ടതാണ്. ഇതിന് പട്ടികവർഗ ഉപപദ്ധതി വിഹിതവും തനത് ഫണ്ടും ധനസ്രോതസ്സായി ഉപയോഗിക്കാം.

**4.പഠന കേന്ദ്രങ്ങൾ/പഠന തുടർ പ്രവർത്തനങ്ങൾ**

4.1 ഫസ്റ്റ് ബെൽ 2 പ്രോഗ്രാം അനുസരിച്ച് ടെലിവിഷൻ ക്ലാസുകളിൽ പങ്കെടുക്കേണ്ടതിന് പൊതു കെട്ടിടമോ, പഠനകേന്ദ്രമോ ഇല്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4.2 പട്ടികവർഗ മേഖലകളിൽ പട്ടികവർഗ വികസന വകുപ്പിൻറേയും, എസ്എസ്കെ യുടേയും സാമൂഹ്യ പഠന കേന്ദ്രങ്ങൾ ഉണ്ട്. ഇല്ലാത്ത ഇടങ്ങളിൽ അവ വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ അടിയന്തിരമായി ആരംഭിക്കുകയും പട്ടികവർഗ ഉപപദ്ധതി ഫണ്ട് ഉപയോഗിച്ച ഡിജിറ്റൽ ക്ലാസ്സിന് പറ്റുന്ന രീതിയിൽ ആവശ്യമായ ഉപകരണങ്ങളോടെ നവീകരിക്കുകയും വേണം. ഇവിടത്തെ ഫെസിലിറ്റേറ്റർമാർക്ക് ബിആർസികളുടെ നേതൃത്വത്തിൽ പരിശീലനം നൽകണം

4.3 പട്ടികവർഗ കോളനികളിൽ ജനപ്രതിനിധി, അദ്ധ്യാപകർ, എസ് ടി പ്രൊമോട്ടർമാർ, വോളണ്ടിയേഴ്സ് അടങ്ങുന്ന ടീമിന് പ്രാദേശിക ഭാഷയിൽ പാഠഭാഗങ്ങൾ ലഘുവായി തയ്യാറാക്കി എത്തിക്കണം.

4.4 വീട്ടുകളിൽ തന്നെ വിദ്യാഭ്യാസം തുടരുന്ന കുട്ടികൾക്ക് ഏറ്റവും കുറഞ്ഞത് 15 ദിവസത്തിൽ ഒരിക്കലെങ്കിലും സംശയനിവാരണത്തിനും പഠനമികവ് സ്വയം വിലയിരുത്തുന്നതിനും പൊതുകേന്ദ്രത്തിൽ സ്കൂൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഒത്തുചേരാനുള്ള അവസരം ഒരുക്കണം.

4.5 നെറ്റ് വർക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ ആയതു ലഭ്യമാക്കാനുള്ള നടപടികൾ ഊർജ്ജവകുപ്പും IT വകുപ്പും എടുത്തു വരുന്നു. അത് വരെ നെറ്റ് വർക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ റെക്കോർഡഡ് വീഡിയോ അതാത് അദ്ധ്യാപകരിലൂടെ കുട്ടികളിൽ എത്തിക്കണം.

**5. പട്ടികവർഗ വിഭാഗ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പിൻതുണ**

5.1 ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കളേയും കുട്ടികളേയും ബി.ആർ.സി കളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ നിരന്തരമായി ബന്ധപ്പെടണം. ഇതിനായി നിശ്ചിത എണ്ണം പഠനകേന്ദ്രങ്ങളുടെ ചുമതല ബി.ആർ.സി യുടെ സ്പെഷ്യൽ അദ്ധ്യാപകർക്ക് നൽകാം.

5.2 ഗൃഹസന്ദർശനം നടത്തി ആവശ്യമായ പഠനസഹായം നൽകണം. റിസോഴ്സ് അദ്ധ്യാപകർ, ബഡ്സ് അദ്ധ്യാപകർ, തുടങ്ങിയവരുടെ സ്കൂൾ കേന്ദ്രീകരിച്ച് റിസോഴ്സ് പൂൾ ഉണ്ടാക്കാവുന്നതാണ്. കുട്ടികളുമായും, കുടുംബവുമായും ടെലിഫോൺ മുഖേനയോ നേരിട്ടോ സംവദിക്കാൻ സന്ദർഭമുണ്ടാക്കണം.

5.3 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എല്ലാ മാസവും ആരംഭത്തിൽ തന്നെ അനുവദിക്കുന്നുവെന്ന് ഉറപ്പാക്കണം. സഹായ ഉപകരണങ്ങൾ അനിവാര്യമെങ്കിൽ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

**6. കുട്ടികളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തൽ**

6.1 സ്കൂൾ ഭക്ഷണ കിറ്റ് എല്ലാ കുട്ടികൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. തദ്ദേശ ഭരണസ്ഥാപനത്തിൻറെ സഹായത്തോടെ പച്ചക്കറികൾ, പഴങ്ങൾ, മുട്ട എന്നിവയടങ്ങിയ കിറ്റ് പട്ടികവർഗ വിഭാഗം കുട്ടികൾക്ക് എത്തിക്കാവുന്നതും ഇതിനാവശ്യമായ തുക പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതുമാണ്.

6.2 വീട്ടുകളിൽ മൂന്ന് നേരം ഭക്ഷണം ലഭ്യമല്ലാത്ത കുട്ടികൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന് കമ്മ്യൂണിറ്റി കിച്ചനുകൾ ബ്ലോക്ക്തലത്തിലോ, ഗ്രാമപഞ്ചായത്ത് തലത്തിലോ വിദ്യാഭ്യാസ വകുപ്പിൻറെ സഹകരണത്തോടെ ആരംഭിക്കാവുന്നതാണ്. അല്ലെങ്കിൽ നിലവിൽ ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി തലത്തിൽ ആരംഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി കിച്ചനുകളുമായി ബന്ധിപ്പിച്ച് ഭക്ഷണം ലഭ്യമാക്കേണ്ടതാണ്.

**7. കുട്ടികളുടെ മാനസിക ഉല്ലാസം**

7.1 ഗ്രാമപഞ്ചായത്തിലെ /നഗരസഭയിലെ ലഭ്യമാകുന്ന കൗൺസലർമാരുടെ സേവനം വിദ്യാഭ്യാസ സമിതി ഏകോപ്പിക്കണം. രണ്ടാഴ്ചയിൽ ഒരിക്കൽ എങ്കിലും ഓരോ കുട്ടിയേയും ഇവർ വിളിച്ച്

സംസാരിക്കണം. കുട്ടികൾക്ക് ആവശ്യഘട്ടങ്ങളിൽ വിളിക്കാൻ കൗൺസലർമാരുടെ ഫോൺ നമ്പറുകൾ സ്കൂൾ ഗ്രൂപ്പുകളിൽ ലഭ്യമാക്കണം.

7.2 ആർട്ട്, ക്രാഫ്റ്റ്, ഫിസിക്കൽ അദ്ധ്യാപകരുടെ ഒരു തദ്ദേശഭരണ സ്ഥാപനതല ലിസ്റ്റ് തയ്യാറാക്കണം. അദ്ധ്യാപകരുടെ സൗകര്യാനുസരണം നിശ്ചിത എണ്ണം പഠന കേന്ദ്രങ്ങളുടെ ചുമതല ഓരോ അദ്ധ്യാപകർക്കും നൽകാം. ഇത് വഴി കുട്ടികളുടെ കലാ-കായിക ശേഷികൾ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ കൂടി പഠന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്താനാകും.

## 8. പൊതു നിർദ്ദേശങ്ങൾ

8.1 കോവിഡ് കാലത്ത് പട്ടികവർഗമേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ വിദ്യാഭ്യാസ വകുപ്പും മറ്റു വകുപ്പുകളും നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പരിപൂർണ്ണമായി പാലിക്കുന്നതോടൊപ്പം മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധയോടുകൂടി ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

8.2 ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിലെ സ്പെഷ്യൽ പ്രോജക്ടുകൾ എന്ന പ്രത്യേക സൗകര്യം ഉപയോഗിച്ച് തയ്യാറാക്കി വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. വാർഷിക പദ്ധതിയിൽ ഭേദഗതി അനുവദിക്കുന്ന സമയത്ത് വാലിഡേഷനിനുള്ളിൽ ക്രമപ്പെടുത്തിക്കൊണ്ട് പദ്ധതി പരിഷ്കരിക്കേണ്ടതാണ്.

8.3 പട്ടികവർഗ മേഖലയിൽ ഇക്കാര്യം നടപ്പാക്കുന്ന മുറയ്ക്ക് ഇതര വിഭാഗങ്ങൾക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

8.4 സ്പോൺസർഷിപ്പ്, സംഭാവന തുടങ്ങിയവ വഴി ലാപ്ടോപ്പ്, ടാബ് ലെറ്റ് തുടങ്ങിയ ഗാഡ്ജെറ്റുകൾ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും വാങ്ങി നൽകുന്നതിനുള്ള ഒരു ഡിജിറ്റൽ ഉപകരണ ചലഞ്ച് ക്യാമ്പയിൻ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുത്ത് പ്രാവർത്തികമാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും

14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. പൊതുവിദ്യാഭ്യാസ വകുപ്പ്
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K

Date: 23-06-2021 16:40:59

Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്